# പതിമൂന്നാം കേരളനിയമസഭ
# എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2351** **01/04/2013 ൽ മറുപടിക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ 2011-2012 സാമ്പത്തിക വർഷം ആകെ എത്ര തുകയുടെ മരുന്നുകളാണ് സംഭരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 2011-12 സാമ്പത്തിക വർഷത്തിൽ ആകെ 179.44 കോടി രൂപയുള്ള മരുന്നുകളാണ് കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചത്. |
| (ബി) | 2012-13 സാമ്പത്തിക വർഷം ആകെ എത്ര തുകയുടെ മരുന്നുകൾ സംഭരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ ആകെ 287.14 കോടി രൂപയുള്ള മരുന്നുകളാണ് കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചത്. |
| (സി) | ഏറ്റവും കൂടുതൽ തുക ചെലവഴിച്ച് സംഭരിച്ച മരുന്ന് ഏതെന്നും ഏതെല്ലാം കമ്പനികളിൽ നിന്നാണ സംഭരിച്ചതെന്നും വ്യക്തമാക്കുമോ; | (സി) | 2012-13 സാമ്പത്തിക വർഷം കോർപ്പറേഷൻ സംഭരിച്ച വിലകൂടിയ മരുന്ന് യൂണിറ്റ് ഒന്നിന് 6994 രൂപ വിലയുള്ള ഇഞ്ചക്ഷൻ ഐ.വി.ഗാമാ ഗ്ലോബുലിൻ 5g ആണ്. ഇത് റിലയൻസ് ലൈഫ് സയൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും 10,500 Vial 7,34,37,000/- രൂപയ്ക്കാണ് സംഭരിച്ചത്.<br><br>എന്നാൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച് സംഭരിച്ചത് അമോക്സിസിലിൻ 250 മില്ലിഗ്രാം എന്ന കാപ്സ്യൂളാണ്. തിയോൺ ഫാർമസ്യൂട്ടിക്കൽസ്, ഫാർമ ഇംപെക്സ്, കേരള ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നും ആകെ 7,47,41,697/- രൂപയുള്ള പ്രസ്തുത മരുന്ന് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏറ്റവും കൂടുതൽ അളവിൽ സംഭരിച്ച മരുന്ന് ഏതെന്നും എത്ര അളവിൽ ഏതു കമ്പനികളിൽ നിന്നും സംഭരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) | 2012-13 സാമ്പത്തിക വർഷം അവശ്യ മരുന്നുകളുടെ പട്ടികയിൽ കോർപ്പറേഷൻ ഏറ്റവും കൂടിയ അളവിൽ സംഭരിച്ചത് ഡിസ്പോസിബിൾ സിറിഞ്ച് 2 സിസി യാണ്. ഇസ്കോൺ സർജിക്കൽസ്, ഓയെസ്റ്റർ മെഡിസെയ്ഫ് പ്രൈവറ്റ് ലിമിറ്റഡ്, ഹാൻസ് സിറിഞ്ചസ് എന്നീ കമ്പനികളിൽ നിന്നുമാണ് യൂണിറ്റിന് 90 പൈസാ നിരക്കിൽ 3,50,21,434/- എണ്ണം ഡിസ്പോസബിൾ സിറിഞ്ച് സംഭരിച്ചത്.<br><br>ഇതു കൂടാതെ മന്ത് രോഗ പ്രതിരോധ ചികിത്സയ്ക്കായുള്ള ഡൈ ഈതൈൽ കാർബാമെസിൻ (ഡി.ഇ.സി.) എന്ന ഗുളിക മാസ്സ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷനു വേണ്ടി 2012-13 സാമ്പത്തിക വർഷം ഒരു ഗുളികയ്ക്ക് 0.2415 രൂപാ നിരക്കിൽ മെഡിക്കമെൻ ബയോട്ടെക് എന്ന കമ്പനിയിൽ നിന്നും 1,64,46,150 രൂപയ്ക്ക് 6,81,00,000/- എണ്ണം ഗുളിക സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | 2012-2013-ൽ ഏതെല്ലാം കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മരുന്നു സംഭരിച്ചുവെന്നും എത്ര തുകയ്ക്കുള്ള മരുന്നാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിൽനിന്നും സംഭരിച്ചതെന്നും വ്യക്തമാക്കുമോ? | (ഇ) | 2012-13 സാമ്പത്തിക വർഷത്തിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ആകെ 1,740.73 ലക്ഷം രൂപയ്ക്കുള്ള മരുന്നുകളാണ് സംഭരിച്ചത്. പ്രസ്തുത സ്ഥാപനങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ആലപ്പുഴ 1207.42 ലക്ഷം രൂപ (ഓർഡർ നൽകിയത് 13.71 കോടി രൂപയ്ക്ക്)<br>2. എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ് 119.34 ലക്ഷം രൂപ<br>3. കർണാടക ആന്റിബയോട്ടിക്സ് ലിമിറ്റഡ് 35.66 ലക്ഷം രൂപ<br>4. ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ് 378.31 ലക്ഷം രൂപ (നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയാണിത്) |

സെക്ഷൻ ഓഫീസർ